പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം.

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2201 | 07.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **വൺസ്റ്റോപ്പ് ക്രൈസിസ് കേന്ദ്രങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.പി.സി.ജോർജ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിൽ സ്ത്രീകൾ വീട്ടിനകത്തുപോലും ലൈംഗിക അതിക്രമങ്ങൾക്കിരയാകുന്നത് കണക്കിലെടുത്ത് ഇവർക്ക് വേണ്ടിയുള്ള വൺ സ്റ്റോപ്പ് ക്രൈസിസ് കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും തുടങ്ങുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എ) ലൈംഗിക അതിക്രമത്തിനിരയാകുന്ന സ്ത്രീകളുടെ സംരക്ഷണത്തിനായുള്ള സംസ്ഥാനസർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലുമായി ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ 21 ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഭൂമിക വൺ ദസ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ വൺ സ്റ്റോപ്പ് സെന്റർ സ്കീം പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, കണ്ണൂർ, മലപ്പുറം എന്നീ അഞ്ച് ജില്ലകളിൽ വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ സ്ഥാപിച്ചു വരുന്നു. |
| (ബി)ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ പങ്കാളിത്തം ഉണ്ടാകുമോ; വിവരിക്കുമോ? | (ബി) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വൺ സ്റ്റോപ്പ് സെന്റർ സ്കീം പ്രകാരം സ്ഥാപിച്ചു വരുന്ന 5വൺ സ്റ്റോപ്പ് സെന്ററുകൾക്കും കേന്ദ്രസർക്കാരിന്റെ പങ്കാളിത്തം ഉണ്ട്. 2015-16 ൽ അനുവദിച്ച വൺ സ്റ്റോപ്പ് സെന്റർ സ്ഥാപിക്കുന്നതിനും പ്രവർത്തനത്തിനുമായി 45,08,047/- രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി നാല് വൺ സ്റ്റോപ്പ് സെന്ററുകൾക്കുള്ള ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ